ഉത്തരം

ആരാധനാലയങ്ങളുടെ സംരക്ഷണത്തിന് പോലീസ് സേനയിൽ പ്രത്യേക സ്കാഡ് രൂപീകരിക്കുവാൻ തൽക്കാലം ഉദ്ദേശമില്ല. എന്നാൽ ആരാധനാലയങ്ങൾക്കുനേരെ ആക്രമണങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനും അവയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും അവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളിൽ നിരന്തരമായ പോലീസ് പെട്രോളിംഗ് സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് കർശന നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആരാധനാലയങ്ങൾക്കുനേരെ അക്രമം ഉണ്ടായാൽ പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് ഊർജ്ജിതവും കർശനവുമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

77 (2387) ക്രൈം സ്റ്റോപ്പർ പദ്ധതി

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സംവിധാനത്തിൽ ക്രൈം സ്റ്റോപ്പർ പദ്ധതിയെക്കുറിച്ച് സർക്കാർ വിശകലനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് ക്രൈം സ്റ്റോപ്പർ സംവിധാനത്തിൽ എല്ലാ പോലീസ് സ്റ്റേഷനുകളും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) സംസ്ഥാനമൊട്ടാകെ ക്രൈം സ്റ്റോപ്പർ സംവിധാനം കാര്യക്ഷമമായി വിപുലപ്പെടുത്താൻ നടപടിയെടുക്കുമോ;

(ഇ) ക്രൈം സ്റ്റോപ്പറിൽ ലഭിക്കുന്ന വിവരത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് പോലീസ് സ്റ്റേഷനുകളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സത്യവിരുദ്ധമാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഈ ആക്ഷേപം പരിഹരിക്കുന്നതിന് യുക്തമായ നടപടി സ്വീകരിക്കുമോ;

(ജി) തിരുവനന്തപുരം നഗരത്തിലെ ക്രൈം സ്റ്റോപ്പർ സംവിധാനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ക്രൈം സ്റ്റോപ്പർ സംവിധാനം കുറ്റകൃത്യങ്ങൾ തടയുന്നതിലും, കുറ്റകൃത്യങ്ങളിൽ അന്വേഷണം നടത്തുന്നതിനും, മറ്റു സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനും അമർച്ചചെയ്യുന്നതിനും പോലീസിന് രഹസ്യവിവരങ്ങൾ ലഭ്യമാക്കുന്നതിനും വളരെ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ 17 പോലീസ് ജില്ലാ ആസ്ഥാനങ്ങളിലും, കമ്പ്യൂട്ടർ സൗകര്യത്തോടുകൂടി 24 മണിക്കൂറും ക്രൈം സ്റ്റോപ്പർ സംവിധാനം പ്രവർത്തിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് 17 പോലീസ് ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ പോലീസ് സൂപ്രണ്ട്/സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ കമ്പ്യൂട്ടർ

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യത്തോടുകൂടി 24 മണിക്കൂറും ക്രൈം സ്റ്റോപ്പർ സംവിധാനം പ്രവർത്തിച്ചുവരുന്നു.

(ഡി) സംസ്ഥാനമൊട്ടാകെ ജില്ലാ ആസ്ഥാനം കേന്ദ്രീകരിച്ച് ക്രൈം സ്റ്റോപ്പർ സംവിധാനം ഏർപ്പെടുത്തി ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) തിരുവനന്തപുരം നഗരത്തിലെ ക്രൈം സ്റ്റോപ്പർ സംവിധാനം 24 മണിക്കൂറും കമ്പ്യൂട്ടർ സൗകര്യത്തോടെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

78 (2388) തെക്കത് ദേവീക്ഷേത്രം കൊള്ളചെയ്ത സംഭവം

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ വഞ്ചിയൂർ പോലീസ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ ചെട്ടിക്കുളങ്ങര ദേവീക്ഷേത്രത്തിന് സമീപമുണ്ടായിരുന്ന തെക്കേവീട് വക തെക്കത് ദേവീക്ഷേത്രം 1998 നവംബർ 27-ാം തീയതി പൊളിച്ചുനീക്കി വിഗ്രഹവും പൂജാസാമഗ്രികളും കൊള്ളചെയ്ത സംഭവം ഉണ്ടായിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഡി.ജി.പി. തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർ, തിരുവനന്തപുരം ജില്ലാ കളക്ടർ എന്നിവർക്ക് പരാതി കിട്ടിയിട്ടുണ്ടോ;

(സി) ഈ കൃത്യം ചെയ്തത് ആരെല്ലാമായിരുന്നുവെന്ന് പരാതിയിൽ പറഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) മുകളിൽ പറഞ്ഞ ഓരോരുത്തർക്കും കിട്ടിയ പരാതിയിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) മോഷ്ടിക്കപ്പെട്ട വിഗ്രഹവും പൂജാസാമഗ്രികളും തിരിച്ച് തൽസ്ഥാനത്ത് സ്ഥാപിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ അക്കാര്യത്തിൽ വേണ്ട നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് ഡി.ജി.പി.ക്ക് പരാതി ലഭിച്ചിട്ടില്ല. എന്നാൽ തിരുവനന്തപുരം ജില്ലാ കളക്ടർ മുഖേന തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്ക് ലഭിച്ച പരാതി വഞ്ചിയൂർ പോലീസിന് അന്വേഷണത്തിന് നൽകുകയുണ്ടായി.

(സി) ചെട്ടികുളങ്ങര തെക്കേവീട്ടിൽ ടി.സി. 28/2692-ൽ താമസം ഉണ്ണി എന്നയാളാണ് പാരാതിയിൽ ആരോപിക്കപ്പെടുന്ന എതിർകക്ഷി.

(ഡി) കളക്ടർ മുഖേന തിരുവനന്തപുരം സിറ്റി പോലീസ് കമ്മിഷണർക്ക് ലഭിച്ച പരാതി പ്രകാരം പേട്ട സർക്കിൾ ഇൻസ്പെക്ടർ മുഖാന്തിരം വഞ്ചിയൂർ പോലീസിന് അന്വേഷണത്തിനായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly